**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 908** **30-06-2022 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ നിലവിലെ വനവിസ്തൃതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ നിലവിലെ വന വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കുമോ ; ഇത് കേരള ഭൂവിസ്തൃതിയുടെ എത്ര ശതമാനമാണെന്ന് അറിയിക്കുമോ ; | (എ) | കേരളത്തിന്റെ വനവിസ്തൃതി 2019-20 വർഷത്തെ ഭരണ റിപ്പോർട്ട് പ്രകാരം 11521.993 ച.കി.മീ ആണ്. ഇത് കേരള ഭൂവിസ്തൃതിയുടെ 29.65 % ആണ്. |
| (ബി) | കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ അംഗീകൃത വന വിസ്തൃതി എത്ര ചതുരശ്ര കിലോമീറ്റർ ആയിരുന്നുവെന്ന് വ്യക്തമാക്കാമോ ; | (ബി) | കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുന്ന കാലഘട്ടത്തിൽ, വനം വകുപ്പിന്റെ 2009-10 മുതൽ 2013-14 വരെയുള്ള വർഷങ്ങളിലെ ഭരണ റിപ്പോർട്ടുകൾ പ്രകാരം സംസ്ഥാനത്തെ വനവിസ്തൃതി 11309.4754 ച.കി.മീറ്റർ എന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. |
| (സി) | കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ റിപ്പോർട്ടുകൾ പ്രകാരം കേരളത്തിൽ 2017-ന് ശേഷം വന വിസ്തൃതിയിൽ എണ്ണൂറ്റി ഇരുപത്തിമൂന്ന് ചതുരശ്ര കിലോമീറ്റർ വർദ്ധനവ് ഉണ്ടായിരിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ; | (സി) | കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യയുടെ 2019-ലെ റിപ്പോർട്ട് പ്രകാരം കേരളത്തിൽ 2017 ന് ശേഷം വനാവരണത്തിൽ (Forest cover) എണ്ണൂറ്റി  ഇരുപത്തി മൂന്ന് ചതുരശ്ര കിലോമീറ്റർ വർദ്ധനവ് ഉണ്ടായതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യയുടെ റിപ്പോർട്ടുകൾ പ്രകാരമുള്ള 2017 ലെയും 2019 ലെയും വനാവരണം (forest cover) അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | കാർബൺ ഫണ്ട് നേടിയെടുക്കുന്നതിനായി റവന്യൂ വനം രേഖകളിൽ കൃത്രിമം നടത്തി വനവിസ്തൃതി ഉയർത്തി കാണിക്കുന്നതായി ആക്ഷേപം ഉയർന്നിരിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലെ നിജസ്ഥിതി വ്യക്തമാക്കുമോ ? | (ഡി) | ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ